File No.FWLD-A1/51/2018-FWLD

2549
15/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - മണ്ണാർക്കാട് ഡിവിഷൻ - അട്ടപ്പാടി, മണ്ണാർക്കാട് റെയിഞ്ചുകളിലെ ഡിപ്പാർട്ട്മെന്റ് ജോലികളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി തീർ പ്പാക്കിയത് - റിവ്യൂ ഹർജി തീർപ്പാക്കിയതിനുമേൽ ശ്രീ.ജെ.ആർ.അനി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച ദയാഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.31/2021/വനം     തിരുവനന്തപുരം, തീയതി, 02/02/2021

പരാമർശം:- (1) 15.05.2012 ലെ സ.ഉ.(സാധാ)നം. 235/2012/വനം ഉത്തരവ്.

(2) 21.07.2017-ലെ സ.ഉ.(സാധാ.) നം. 271/2017/വനം ഉത്തരവ്.

(3) ശ്രീ.ജെ.ആർ.അനി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 18.12.2017 തീയതിയായി സമർപ്പിച്ച ദയാഹർജി.

(4) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം)-ന്റെ 6.01.2018-ലെ ബി7-19714/05 നമ്പർ കത്ത്.

(5) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 01.02.2019, 14.09.2020 എന്നീ തീയതികളിലെ A1-2/50063/2018/KPSC നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി, മണ്ണാർക്കാട് റെയിഞ്ചുകളിലെ ഡിപ്പാർട്ട്മെന്റ് ജോലികളിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് 9 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും അതിലൊരാളായ അന്നത്തെ റെയിഞ്ച് ഓഫീസർ ആയിരുന്ന ശ്രീ.ജെ.ആർ.അനിയുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും സർക്കാർ നഷ്ടമായ 5,18,423/- രൂപ ഈടാക്കിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായി.

2) അച്ചടക്ക നടപടി തീർപ്പാക്കിയതിനുമേൽ ശ്രീ.ജെ.ആർ.അനി സമർപ്പിച്ച പുന:പരിശോധനാ ഹർജി പരിഗണിച്ച് സർക്കാർ നഷ്ടം ഈടാക്കുന്നത് നിലനിറുത്തിക്കൊണ്ടും ശിക്ഷയിൽ ഇളവ് വരുത്തി 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ' തടഞ്ഞുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായി.

3) മേൽ ഉത്തരവിനെതിരെ ശ്രീ.ജെ.ആർ.അനി പരാമർശം (3) പ്രകാരം ദയാഹർജി

സമർപ്പിച്ച ടിയാൻ സർക്കാർ നഷ്ടമായ 5,18,423/- രൂപ ഒടുക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഹർജി പരിഗണിച്ച് ടിയാന് നൽകിയ ശിക്ഷയിൽ ഇളവ് വരുത്തി 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുക' എന്നത് നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

4) തുടർന്ന് ശ്രീ.ജെ.ആർ.അനിയെ നേരിൽ കേൾക്കുകയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം പരിഗണിക്കുന്നതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു.

5) ശ്രീ.ജെ.ആർ.അനി സമർപ്പിച്ച പുന:പരിശോധനാഹർജി കണക്കിലെടുത്ത് സർക്കാർ ടിയാന്റെ ശിക്ഷ 'രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക' എന്നത് 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക' എന്നാക്കി ലഘൂകരിച്ചിട്ടുള്ളതിനാലും കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം സർക്കാർ ശിക്ഷാധികാരി എന്ന നിലയിൽ പുറപ്പെടുവിക്കുന്ന ശിക്ഷാ ഉത്തരവിന്മേൽ ഒരു റിവ്യൂ ഹർജി മാത്രമേ സാധ്യമാകുകയുള്ളൂ എന്നതിനാലും, ശ്രീ.ജെ.ആർ.അനി, റെയിഞ്ച് ഓഫീസർ ചെയ്ത കുറ്റത്തിന്റെ ഗൗരവം കണക്കിലെടുക്കുമ്പോഴും, ടിയാന് റിവ്യൂ ഹർജിയിൽ നൽകിയ ഇളവിന്മേൽ വീണ്ടും ഇളവ് നൽകേണ്ടതില്ലായെന്ന് പരാമർശം (5) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം ഒരു പുനരവലോകന ഹർജി മാത്രമേ സമർപ്പിക്കുവാൻ വ്യവസ്ഥയുള്ളൂ എന്നതിനാലും, ശ്രീ.ജെ.ആർ.അനി സമർപ്പിച്ച റിവ്യൂ ഹർജി കൃത്യമായി വസ്തുതകളെ വിശകലനം ചെയ്ത് ചട്ട പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ശിക്ഷ ലഘൂകരിച്ച് നൽകിയിട്ടുള്ളതിനാലും, പരാമർശം (3) പ്രകാരം സമർപ്പിച്ച ഹർജിയിൽ ടിയാന് നൽകിയ ശിക്ഷ പുനപരിശോധിക്കാൻ തക്കവണ്ണമുള്ള കാര്യങ്ങളൊന്നും പുതുതായി കണ്ടെത്താനായിട്ടില്ലാത്തതിനാലും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് ശ്രീ.ജെ.ആർ.അനി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച ദയാഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജെ.ആർ.അനി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം)

File No.FWLD-A1/51/2018-FWLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
ANILKUMAR C
Date: 2021.0[illegible] 12:37:15 IST
Reason: Approved
സെക്ഷൻ ഓഫീസർ